ഹയർസെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം.

**No. EX.IX/2/23714/HSE/2017**

തിയതി : 11/12/2017

# <u>സർക്കുലർ</u>

വിഷയം: -ഹ.സെ.വി.വ - രണ്ടാം പാദവാർഷിക പരീക്ഷ - പരീക്ഷാ ഡ്യൂട്ടിക്ക് അദ്ധ്യാപകരെ നിയോഗിക്കുന്നത് - സംബന്ധിച്ച്:-

2017 - 2018 അദ്ധ്യായന വർഷത്തിലെ രണ്ടാം പാദവാർഷിക പരീക്ഷക്ക് അദ്ധ്യാപകരെ ഡ്യൂട്ടിക്ക് നിയോഗിക്കുമ്പോൾ കർശനമായി താഴെപറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. ഒരേ അദ്ധ്യാപകരെ തന്നെ ഒരേ ദിവസം രാവിലെയും ഉച്ചകഴിഞ്ഞുള്ള പരീക്ഷാഡ്യൂട്ടിക്ക് നിയോഗിക്കാൻ പാടില്ല. അടിയന്തിര സാഹചര്യങ്ങളിൽ ഒരു ദിവസം രണ്ടു പരീക്ഷാ ഡ്യൂട്ടി നൽകേണ്ടി വരുന്ന സാഹചര്യത്തിൽ അദ്ധ്യാപകർക്ക് ഡ്യൂട്ടി ഓഫ് നൽകുന്നത് ചട്ടവിരുദ്ധമാണ്.

2. പരീക്ഷാ ദിവസങ്ങളിൽ ടി സ്കൂളിലെ എല്ലാ അദ്ധ്യാപകരും നിർബന്ധമായും സ്കൂളിൽ ഹാജരാകേണ്ടതുണ്ട്. പരീക്ഷാ കാലയളവിൽ യാതൊരുവിധ ഡ്യൂട്ടി ഓഫും പരീക്ഷാ ജോലി ചെയ്തതിന്റെ പേരിൽ അനുവദിക്കാൻ പാടുള്ളതല്ല.

ഒപ്പ്/-
**ജോയിന്റ് ഡയറക്ടർ**
**(പരീക്ഷാവിഭാഗം)**